# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലയാഴം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം.പി6/941/21

തീയതി.06.08.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 06/08/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലയാഴം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം.പി6/941/21
തീയതി.06.08.2021

തീയ്യതി: 06/08/2021

## കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുലത ഡി , ഓഡിറ്റ് ഓഫീസർ

സ്മിത ജി നായർ, അസി.ഓഡിറ്റ് ഓഫീസർ

അമ്പിളി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ

ബിനീത് രാജൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉഷാകുമാരി എം | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| കെ സുരേഷ് കുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിജി.എൻ നാഥ് | കൃഷി ഓഫീസർ | 01-04-2019 | 30-10-2019 |
| ജ്യോതി നാരായണൻ | കൃഷി ഓഫീസർ | 31-10-2019 | 04-12-2019 |
| രേഷ്മ ഗോപി | കൃഷി ഓഫീസർ | 05-12-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ. ജോൽസ്ന ബഷീർ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ. ധന്യ രവി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ബ്ലസ്സി ജോഷി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ഡെലിൻ കെ പി | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ബിജു എം കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 10-11-2019 |
| സെറിൻ വി ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 11-11-2019 | 19-11-2019 |
| സജിത സി | അസിസ്റ്റന്റ് എഞ്ചിനീയർ | 20-11-2019 | 31-03-2020 |
| സോണിയ വി എസ് | ഐ സി ഡി എസ് | 01-04-2019 | 30-11-2019 |
| ശ്രീവിദ്യ എൽ | ഐ സി ഡി എസ് | 01-12-2019 | 31-03-2020 |
| ഡോ ബൽരാജ് എസ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 06-06-2019 |
| ഡോ ശ്രീദേവി കെ എസ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 07-06-2019 | 31-03-2020 |
| മനോജ് മുകുന്ദൻ | വി ഇ ഒ | 01-04-2019 | 31-03-2020 |
| ജിഷ പി റ്റി | വി ഇ ഒ | 01-04-2019 | 01-07-2019 |
| മനോജ് മുകുന്ദൻ ( ഇൻ ചാർജ്) | വി ഇ ഒ | 02-07-2019 | 08-07-2019 |
| ഷീന കെ പി | വി ഇ ഒ | 09-07-2019 | 30-08-2019 |
| മനോജ് മുകുന്ദൻ ( ഇൻ ചാർജ്) | വി ഇ ഒ | 31-08-2019 | 01-12-2019 |
| ദിവ്യശ്രീ ടി ആർ | വി ഇ ഒ | 02-12-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ ബിജു കെ വർഗ്ഗീസ് | വെറ്ററിനറി സർജൻ | 17-08-2019 | 31-03-2020 |
| മനോജ് കുമാർ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ ഒ റ്റി തങ്കച്ചൻ | വെറ്ററിനറി സർജൻ | 01-04-2019 | 16-08-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sulatha.D (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 1-1 |
| 2 | വാർഷികധനകാര്യ പത്രിക<br>Written By: Bineeth Rajan (Auditor, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Bineeth Rajan (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Bineeth Rajan (Auditor, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 1-4 |
| 5 | വാർഷികപദ്ധതി 2019-20<br>Written By: Sulatha.D (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-5 |
| 6 | ക്ഷേമപദ്ധതികൾ.<br>Written By: Bineeth Rajan (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 1-6 |
| 7 | തൊഴിലുറപ്പുപദ്ധതി<br>Written By: Sulatha.D (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Bineeth Rajan (Auditor, On 27-07-2021)<br>Last Updated By: Bineeth Rajan (Auditor, On 27-07-2021) | 1-8 |
| 9 | ആഭ്യന്തിരനിയന്ത്രണം<br>Written By: Sulatha.D (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Bineeth Rajan (Auditor, On 28-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-08-2021) | 1-10 |
| 11 | പൊതു ആവശ്യഫണ്ട് ,ഗ്യാപ് ഫണ്ട് വിഹിതം എന്നീ ഇനങ്ങളിലായി അനുവദിച്ചിരുന്ന 10,08,264/-രൂപയുടെ സർക്കാർഗ്രാന്റ് ഗ്രാമപഞ്ചായത്തിന് നഷ്ടമായി.<br>Written By: Sulatha.D (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 1-11 |
| 12 | തൊഴിൽ നികുതി - ജീവനക്കാരുടെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Bineeth Rajan (Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 1-12 |
| 13 | പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിലുള്ള മേലാദായം, തടികൾ , പി | 1-13 |

| | | |
|---|---|---|
| | എച്ചിസി തോട്ടകം സബ്സെന്റർ പഴയകെട്ടിടം മുതലായവയുടെ ലേലം സംബന്ധിച്ച്.<br>Written By: Ambili.U (Senior Grade Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | |
| 14 | വിട്ടുനൽകിയ ഭൂമി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയില്ല<br>Written By: Sulatha.D (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 1-14 |
| 15 | പൂർണ്ണമായ ഗുണഭോക്തൃ പട്ടിക പ്രോജക്ട് നിർവ്വഹണത്തിനായി ലഭ്യമാക്കിയില്ല.<br>Written By: Bineeth Rajan (Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 1-15 |
| 16 | ഫാർമസി സ്റ്റോർ ശീതീകരണം (പി എച്ച് സി) - രേഖകൾ ഹാജരാക്കിയില്ല.<br>Written By: Bineeth Rajan (Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 1-16 |
| 17 | സമഗ്രനെൽകൃഷിവികസനം- തുക ചെലവഴിച്ചില്ല<br>Written By: Smitha G Nair (Asst. Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 1-17 |
| 18 | വൃദ്ധസദനത്തിന് കെട്ടിടനിർമ്മാണം- പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: Sulatha.D (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 1-18 |
| 19 | ടാർബാരലുകളുടെ വില നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല<br>Written By: Sulatha.D (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 1-19 |
| 20 | ആസ്തി പരിപാലനം<br>Written By: Smitha G Nair (Asst. Audit Officer, On 30-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-08-2021) | 1-20 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗവിശദാംശങ്ങൾ ലഭ്യമായിട്ടില്ല- 680874/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sulatha.D (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 1-21 |
| 22 | ഇ-ടെൻഡർ ടെൻഡർ ഫോറവില പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല<br>Written By: Sulatha.D (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-22 |
| 23 | പെൻസിൽ പ്രോഗ്രാം -തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക നാളിതുവരെ കിലയിൽനിന്നും തിരികെ ലഭിച്ചില്ല.<br>Written By: Ambili.U (Senior Grade Auditor, On 30-07-2021)<br>Last Updated By: Sulatha.D (Audit Officer, On 05-08-2021) | 1-23 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Bineeth Rajan (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം.<br>Written By: Bineeth Rajan (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Bineeth Rajan (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Bineeth Rajan (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Bineeth Rajan (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Bineeth Rajan (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Bineeth Rajan (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Bineeth Rajan (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-08-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bineeth Rajan (Auditor, On 27-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-08-2021) | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Bineeth Rajan (Auditor, On 27-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 06-08-2021) | 4-10 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്.

ധനകാര്യസ്റ്റാന്റിംഗ് കമമിറ്റിയുടെ 8-2-19-ലെ യോഗതീരുമാനപ്രകാരം അംഗീകരിച്ച ( തീരുമാനം നമ്പർ III ) ഗ്രാമപഞ്ചായത്തിന്റെ 2019-20വർഷത്തെ കരട് ബജറ്റ് 26-2-19-ലെ ജനറൽ കമ്മിറ്റിയുടെ I(1) തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. ബജറ്റ്പ്രകാരമുള്ള വരവുചെലവുവിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 7200000/- |
| വരവ് | 179080820 |
| ആകെ | 186280820 |
| ചെലവ് | 179360000 |
| നീക്കിയിരിപ്പ് | 6920820 |

എന്നാൽ ഋണശീർഷകണക്കുകളിൽ ഉൾപ്പെടുന്ന വരവു-ചെലവുകൾ ഉൾപ്പെടുത്താതെയാണ് തൻവർഷ ബജറ്റ്പ്രകാരമുള്ള ആകെ വരവു- ചെലവു തുകകൾ തിട്ടപ്പെടുത്തി അച്ചടിച്ച ബജറ്റ് രേഖയിലും മിനിറ്റ്സിലും രേഖപ്പെടുത്തിയിരിക്കുന്നത്. സാങ്കേതികവും മറ്റ് അവിനാര്യവുമായ വിവിധ കാരണങ്ങളാൽ വാർഷികപദ്ധതിയിൽ വരുത്തിയ ഭേദഗതികളുടേയും പ്രളയ ദുരിതാശ്വാസ ഫണ്ടായി ഗ്രാമപഞ്ചായത്തിനുള്ള സർക്കാർവിഹിതം തൻവർഷം ലഭിച്ചതിന്റേയുമടിസ്ഥാനത്തിൽ വരവുചെലവുകണക്കുകളിൽ മാറ്റമുണ്ടായതനുസരിച്ച് ബജറ്റ് പുതുക്കുകയുണ്ടയി. 22-1-21-ലെ യോഗത്തിൽവച്ച് പുതുക്കിയ ബജറ്റ് പഞ്ചായത്ത്കമ്മിറ്റി അംഗീകരിച്ചതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുതുക്കിയ ബജറ്റ്പ്രകാരമുള്ള വരവുചെലവു വിശദാംശങ്ങൾ വ്യക്തമാക്കിയിട്ടില്ല.

ബജറ്റ് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 1994കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16-ലെ ജി.ഓ ( ആർ ടി) 3291/16/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും പാലിച്ചാണോ വാർഷികബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആയതിന്റെ എല്ലാരേഖകളും ഫയൽചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യ പത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 20.05.20-ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2019-20 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 13462056 രൂപയും തൻവർഷ വരവ് 52721793 രൂപയും തൻവർഷചെലവ് 49697721 രൂപയും വർഷാവസാന നീക്കിയിരിപ്പ് 16489128രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 121,246,147 രൂപയും ആകെ ചെലവ് 117,680,129 രൂപയും ആകുന്നു. 31.3.20 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 66668885 രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 6047257 രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 7152575 രൂപയും

ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രികകൾ പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1)26-7-11-ലെ ജി.ഒ (എം.എസ് )152/11-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2)ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത്ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.
3)വസ്തുനികുതിയുടെ വാർഷികധനകാര്യപത്രികപ്രകാരമുള്ള ഡി.സി.ബി.തുകകൾ സഞ്ചയപ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4)2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).
5)വാടക പിരിവ് സംബന്ധിക്കുന്ന വാർഷികധനകാര്യപത്രികപ്രകാരമുള്ള ഡി.സി.ബി.തുകകൾ വാടക രജിസ്റ്റർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6)2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ  പ്രകാരമുള്ള റേഷ്യോ പത്രിക വാർഷികകണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

7)ബി 4 ഷെഡ്യൂൾ പ്രകാരമുള്ള ഗ്രാന്റ് തുകകളുടെ എല്ലാ വിശദാംശങ്ങളും രജിസ്റ്ററിൽ ചേർത്ത് ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നില്ല.

8) വാർഷിക കണക്കുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം 374823 രൂപയും ഐ കെ എം പത്രിക പ്രകാരം 994823 രൂപയുമാണ്.വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

9) ബാങ്ക് റീകൺസിലിയേഷൻ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ ബാലൻസിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13462056 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52721793 |
| ആകെ | 66183849 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49694721 |
| നീക്കിയിരിപ്പ് | 16489128 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 753541 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 21641328 | 21641328 | 10908298 | 10733030 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7207647 | 7207647 | 2571955 | 4635692 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 47000 | 47000 | 22750 | 24250 |
| മെയിന്റനൻസ്, റോഡ് | 0 | 6622000 | 6622000 | 4279021 | 2342979 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3913000 | 3913000 | 2066750 | 1846250 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10389561 | 10389561 | 5323619 | 5065942 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ കൂലി | 0 | 48275768 | 48275768 | 48275768 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3758 | 1463032 | 1466790 | 1464681 | 2109 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഐ.സി.ഡി എസ് | 196623 | 701113 | 897736 | 200000 | 697736 |
| ശുചിത്വമിഷൻ ഗ്രാന്റ് | 174524 | 0 | 174524 | 100000 | 24524 |
| റ്റി എസ് സി | 353674 | 0 | 353674 | 0 | 353674 |

1.പ്രോജക്ട് നം.205 എന്നിവ പ്രകാരം തിരിച്ചടവായി സ്രോതസ്സിൽ കുറവ് ചെയ്ത 1382354 രൂപ വാർഷികകണക്ക് വരവ് ചെലവ് പത്രികയിൽ ഉൾപ്പെടുത്താത്തതിനാൽ വികസനഫണ്ട് ജനറലിന്റെ ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. സോഴ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെടുത്തിയാണ് വരവ് തയ്യാറാക്കിയിട്ടുള്ളത്.

2.ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി 2019-20

ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 20-3-2020-ലെ 2702/18/DPC/DPO/KTM നമ്പർ ഉത്തരവുപ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചിരുന്നു.

<u>പദ്ധതിരൂപീകരണപ്രവർത്തനങ്ങൾ</u>

വിവിധ വികസനമേഖലകളിലായി ആകെ 174 പ്രോജക്ടുകൾ ഉൾപ്പെടുന്ന തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2019-20വാർഷികപദ്ധതിക്ക് 21-2-2020-ൽ കൂടിയ ജില്ലാ ആസൂത്രണസമിതി നിർവ്വഹണാംഗീകാരം നൽകി. (ഉത്തരവ് നമ്പർ-2707/18/DPC/DPO/KTM/21-2-2020) പദ്ധതിരൂപീകരണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ മാർഗ്ഗരേഖാ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രവർത്തനഘട്ടങ്ങൾ പാലിച്ചാണ് വാർഷികപദ്ധതിക്ക് രൂപം നൽകിയിട്ടുള്ളതെന്ന് കാണുന്നു. ഇതനുസരിച്ച് പദ്ധതി ആസൂത്രണം മുതൽ അന്തിമപദ്ധതിരേഖ അംഗീകരിക്കുന്നതു വരെയുള്ള വിവിധ ഘട്ടങ്ങൾ താഴെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി | റിമാർക്സ് |
|---|---|---|
| ആസൂത്രണസമിതി,ജനപ്രതിനിധികൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ സംയുക്തയോഗം | 3-11-18 | മിനിറ്റ്സ്പ്രകാരം ആകെ 11പേർ മാത്രമേപങ്കെടുത്തിട്ടുള്ളൂ.യോഗതീരുമാനങ്ങളോ അജണ്ടാവിഷയങ്ങളോ മിനിററ്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 26-10-18 30-10-18 | |
| വികലാംഗ ഗ്രാമസഭ | 13-11-18 | ഗ്രാമസഭയിൽ പങ്കെടുത്ത 140പേരുടെ ഹാജർമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ചർച്ചാവിഷയങ്ങളും പദ്ധതിനിർദ്ദേശങ്ങളും തീരുമാനങ്ങളും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| വൃദ്ധജനങ്ങളുടെ പ്രത്യേകഗ്രാമസഭ | 6-10-18 | |
| ഊരുകൂട്ടയോഗം | 12-11-18, | |
| വികസനസെമിനാർ | 15-11-18 | |
| വ്യക്തിഗതഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭായോഗങ്ങൾ | 3-2-19മുതൽ 5-2-19വരെ | |

വാർഷികപദ്ധതിയുടെ ഭാഗമായി നടന്ന വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ, സ്പെഷ്യൽ ഗ്രാമസഭ, ഊരുകൂട്ടം എന്നീ യോഗങ്ങളിൽ വന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് വികസനകാര്യ സ്റ്റാൻറിംഗ്കമ്മിറ്റി തയ്യാറാക്കിയ കരട്പദ്ധതിരേഖ 15-11-18 -ൽ നടന്ന വികസനസെമിനാറിൽ ചർച്ചചെയ്യുകയും വികസനസെമിനാറിൽ ഉരുത്തിരിഞ്ഞ പുതിയ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി രൂപം കൊടുത്ത കരട് പദ്ധതി രേഖ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് വിവിധകാരണങ്ങളാൽ അനിവാര്യമായിവന്ന ഭേദഗതികൾ ഉൾപ്പെടുത്തി കരട്പദ്ധതിയിൽ മാറ്റം വരുത്തുകയും 30-12-19-ലെ I(1) നമ്പർ തീരുമാനപ്രകാരം

പഞ്ചായത്ത്കമ്മിറ്റി 2019-20 ലെ വാർഷികപദ്ധതി അന്തിമമായി അംഗീകരിക്കുകയും ചെയ്തു.

<u>ബജറ്റ് വിഹിതത്തേക്കാൾ അധികതുക വാർഷികപദ്ധതിക്ക് വകയിരുത്തി</u>

മഹാപ്രളയത്തെതുടർന്നുണ്ടായ വരുമാനനഷ്ടവും വർദ്ധിച്ച ചെലവുകളും മൂലം സ്പിൽ ഓവർവിഹിതം പൂർണ്ണമായും ഉൾപ്പെടുത്താതെ മുൻവർഷത്തേക്കാൾ കുറഞ്ഞ തുകയാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വികസനപദ്ധതികൾക്കായി സംസ്ഥാനബജറ്റിൽ വകയിരുത്തിയിരുന്നതും അനുവദിച്ചതും. എന്നാൽ സ്പിൽ ഓവർപ്രോജക്ടുകൾക്കുൾപ്പെടെയുള്ള തുക ലഭിക്കുമെന്ന പ്രതീക്ഷയിൽ ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽ അധികതുക വകയിരുത്തിയിരുന്നു. പിന്നീട് ബജറ്റ് വകയിരുത്തലിനനുസൃതമായി വാർഷികപദ്ധതി അടങ്കലിൽ ഭേദഗതി വരുത്തിയുമില്ല. മേൽസാഹചര്യം വാർഷികപദ്ധതിക്കുവേണ്ടിയുള്ള ഗ്രാമപഞ്ചായത്തിന്റെ വകയിരുത്തൽതുക സംസ്ഥാന ബജറ്റ്പ്രകാരം വകയിരുത്തിയതും അനുവദിച്ചതുമായ തുകകളേക്കാൾ അധികമാകുന്നതിനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് വിഭാഗം | അനുബന്ധം IVപ്രകാരം വകയിരുത്തൽ | അനുവദിച്ചനൽകിയ തുക (എ.സി.ആർ പ്രകാരം) | ഗ്രാമപഞ്ചായത്ത് വകയിരുത്തിയ തുക |
|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട്<br>പ്രളയദുരിതാശ്വാസം<br>ആകെ | 1,35,91000<br>8138000<br><br>2,1729000 | 20258974 | 24048274 |
| എസ്.സി.പി<br>പ്രളയദുരിതാശ്വാസം<br>ആകെ | 6203000<br>1137000<br>7340000 | 7207647 | 8440650 |
| പെർഫോമൻസ്ഗ്രാന്റ് | 1,0387000 | 10389561 | 12498293 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 3913000 | 3913000 | 4694953 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 6622000 | 6622000 | 7936970 |

<u>നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ</u>

വിവിധ വികസനമേഖലകൾക്കും പ്രത്യേക വിഭാഗങ്ങൾക്കുമായി ആവിഷ്കരിച്ച 174 പ്രോജക്ടുകളുടെ നിർവ്വഹണച്ചുമതല 12 നിർവ്വഹണോദ്യോഗസ്ഥർക്കായി നിശ്ചയിച്ച് നൽകിയിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | നിർവ്വഹണോ | അംഗീകാരം | തൻവർഷം | വകയിരു | ചെലവഴിച്ച | ചെലവ് |
|---|---|---|---|---|---|---|

| നമ്പർ | ദ്യോഗസ്ഥൻ | കിട്ടിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ത്തിയ തുക | തുക | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 6 | 3372160 | | 48 |
| 2 | വെറ്ററിനറി സർജൻ | 9 | 8 | 2182250 | 1034093 | 47.38 |
| 3 | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 5 | 5 | 1180392 | 1037882 | 87.92 |
| 4 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 200000 | 200000 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 11 | 17039173 | 4773085 | 28 |
| 7 | ഐസിഡിഎ സൂപ്പർവൈസർ | 5 | 3 | 2197800 | 1247621 | 56 |
| 8 | അസിസ്റ്റന്റ് എൻജിനീയർ | 70 | 26 | 20210232 | 6013327 | 29 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 4 | 1193000 | 715247 | 70.96 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 120000 | 335455 | 27.95 |
| 11 | ഹെഡ്മാസ്റ്റർ | 7 | 6 | 1600000 | 1135395 | 70.96 |
| 12 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 21 | 14 | 3905405 | 2352421 | 60 |
| | ആകെ | 145 | 84 | 53908252 | 20348526 | 37.74 |

<u>വാർഷികപദ്ധതിച്ചെലവ് കേവലം 28.8% - 2കോടി രൂപ നഷ്ടമായി.</u>

പദ്ധതിരൂപീകരണത്തിന്റെ പ്രാഥമികഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ചിരുന്നുവെങ്കിലും അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം കിട്ടിയ 89 പ്രോജക്ടുകളിൽ 35 പ്രോജക്ടുകൾക്കുവേണ്ടി മാത്രമേ തൻവർഷം തുക ചെലവഴിച്ചിട്ടുള്ളൂ. പ്രോജക്ടുകൾ അധികവും നടപ്പാക്കാതിരുന്നതും (54എണ്ണം) നടപ്പാക്കിയവയുടെ കാര്യത്തിൽ നിർവ്വഹണഘട്ടത്തിലുണ്ടായ കാലതാമസവും, മാർച്ച്മാസത്തിൽ ട്രഷറിനിയന്ത്രണം മൂലം പൂർത്തീകരിച്ച പല പ്രോജക്ടുകളുടെയും ബിൽ പാസ്സാകാതെ കൃവിലാവുകയും ചെയ്തതാണ് മേൽസാഹചര്യത്തിനിടയാക്കിയത്. വകയിരുത്തിയ തുകയുടെ ചെറിയ ശതമാനം മാത്രമേ ചെലവഴിക്കാനായുള്ളൂ. ആയതിനാൽ വിവിധ വിഭാഗങ്ങളിലായി അനുവദിച്ച് ലഭിച്ചിരുന്ന രൂപയിൽ രൂപ (62 ശതമാനത്തിലധികം) വാർഷികപദ്ധതിക്കായി വിനിയോഗിക്കാനാവാതെ നഷ്ടമാവുകയാണുണ്ടായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അനുവദിച്ച തുക | ചെലവഴിച്ചതുക | നഷ്ടമായത് |
|---|---|---|---|
| വികസനഫണ്ട് -ജനറൽ | 20258974 | 9525944 | 10733030 |
| എസ്.സി.പി | 2571955 | 2571955 | 0 |
| റ്റി.എസ്.പി | 47000 | 22750 | 24250 |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് | 10389561 | 5323619 | 5065942 |
| റോഡ്സംരക്ഷണഗ്രാന്റ് | 6622000 | 4279021 | 2342979 |
| സംരക്ഷണഗ്രാന്റ്-റോഡിതരം | 3913000 | 2066750 | 1846250 |
| ആകെ | 4,38,02,490 | 23790039 | 2,00,12451 |

ഇപ്രകാരമുള്ള അപരിഹാര്യമായ നഷ്ടം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

പ്രളയദുരിതാശ്വാസം- ബജറ്റ് വിഹിതം ചെലവഴിക്കാൻ സാധിച്ചില്ല

ഗ്രാമപഞ്ചായത്തിലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി പ്രത്യേകവിഹിതമായി പൊതുവിഭാഗത്തിൽപ്പെടുത്തി 81,38000/-രൂപയും പട്ടികജാതി ഉപപദ്ധതിയിൽപ്പെടുത്തി 11,37000/-രൂപയും ഉൾപ്പെടെ ആകെ 92,75000/-രൂപ സംസ്ഥാനസർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരുന്നു. എന്നാൽ കോവിഡിനെ തുടർന്നുള്ള ലോക്ക്ഡൗൺകാരണവും മാർച്ചുമാസത്തിൽ വൈകിമാത്രം ഫണ്ട് അനുവദിക്കപ്പെട്ടതിനാൽ ടെൻഡർ നടപടികൾ യഥാസമയം പൂർത്തീകരിക്കാനാകാതെ ഫണ്ട് ലാപ്സാവുകയും ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 2020-21 വർഷം ആയത് പുനരനുവദിച്ച് ലഭിക്കുകയും ചെയ്തു.

ഭരണപരമായ ദൈനംദിന ചെലവുകൾക്കുപോലും തനതുവരുമാനം ലഭ്യമല്ലാത്ത ഗ്രാമപഞ്ചായത്തിന് വികസനപദ്ധതികൾക്കായി ലഭ്യമാകുന്ന സർക്കാർധനസഹായം വിനിയോഗിക്കാതെ നഷ്ടമാകുന്നത് ഗൗരവമായി കാണേണ്ടതാണ്. പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിനുള്ള പരിഹാരനടപടികൾക്കായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

വാർഷികപദ്ധതിയുടെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ രണ്ടും മൂന്നുംതവണവീതം യോഗം കൂടിയിട്ടുണ്ടെങ്കിലും പല വർക്കിംഗ് ഗ്രൂപ്പുകളുടേയും യോഗമിനിറ്റ്സുകൾ പൂർത്തീകരിച്ച് ചെയർമാനും കൺവീനറും ഒപ്പുവച്ചിട്ടില്ല. . മിനിറ്റ്സ്ബുക്കുകൾ യോഗതീയതി, പങ്കെടുക്കുന്നവരുടെ പേരുവിവരം, ചർച്ചയ്ക്ക് വിധേയമാക്കുന്ന വിഷയങ്ങൾ, നിർദ്ദേശങ്ങൾ/ ശുപാർശകൾ /തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തി ചെയർമാനും കൺവീനറും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. 2019-20 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിറ്റ്സ് രേഖപ്പെടുത്തലുകളിൽനിന്നും പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് പല

വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമായിരുന്നില്ല എന്ന് കാണുന്നു. ആസൂത്രണ/രൂപീകരണ പ്രവർത്തനങ്ങളിലെ പങ്കാളിത്തമൊഴിച്ചാൽ നിർവ്വഹണഘട്ടത്തിലും തുടർന്നുമുള്ള പ്രവർത്തനങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ അവയ്ക്ക് നിയമാനുസൃതം നിർണ്ണയിച്ച് നൽകിയിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 191280 | 88 |
| കർഷകതൊഴിലാളി പെൻഷൻ | 6778800 | 3484 |
| വിധവാപെൻഷൻ | 3072000 | 1403 |
| വാർദ്ധക്യകാലപെൻഷൻ | 8413200 | 4553 |
| വികലാംഗപെൻഷൻ | 1647500 | 821 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 265200 | 121 |
| വിവാഹധനസഹായം | 150000 | 5 |

## 1-7 തൊഴിലുറപ്പുപദ്ധതി

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പ പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 15വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ലേബർബജറ്റ്പ്രകാരം ആകെ 1215
പദ്ധതികൾ വിഭാവനം ചെയ്തതിൽ 663പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി ലഭിക്കുകയും 413 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 159157 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2301കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ചെറുകിടജലസേചനം,പരമ്പരാഗതജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, ഭൂവികസനപ്രവൃത്തികൾ,വൃക്ഷത്തൈ നടീൽ,വൃക്ഷത്തൈകളുടെ നഴ്സറി തോട് ആഴം കൂട്ടൽ, തരിശുഭൂമികളിൽ കൃഷിയോഗ്യമാക്കൽ , മുതലായ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2019-20 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3758 | 1463032 | 1466790 | 1464681 | 2109 |
| തൊഴിലാളികൾക്ക് നേരിട്ട് നൽകിയത് | 0 | 48275768 | 48275768 | 48275768 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 3758 | 49738800 | 49742558 | 49740449 | 2109 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

2019-20,2020-21 വർഷങ്ങളിലെ ഓഡിറ്റ് ഒരേ സമയത്ത് നടത്തിയതിനാൽ കാഷ് ബാലൻസ് സംബന്ധിച്ച വിവരം 2020-21 റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9 ആഭ്യന്തിരനിയന്ത്രണം

വിവിധ വിഷയങ്ങളിൽ പഞ്ചായത്തിൽ നിലനിൽക്കുന്ന ആഭ്യന്തരനിയന്ത്രണം സംബന്ധിച്ച് 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-9 -ൽ പരാമർശിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.04.2019 | 02/19 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.10.2017 | 2012/13-2016-17 | LBA(HQ)II/I/8B,1302/17-18/266 Dt.27.11.17 |

## 1-11 പൊതു ആവശ്യഫണ്ട് ,ഗ്യാപ് ഫണ്ട് വിഹിതം എന്നീ ഇനങ്ങളിലായി അനുവദിച്ചിരുന്ന 10,08,264/-രൂപയുടെ സർക്കാർഗ്രാന്റ് ഗ്രാമപഞ്ചായത്തിന് നഷ്ടമായി.

ഗ്രാമപഞ്ചായത്തിന് 2019-20വർഷം അനുവദിക്കപ്പെട്ട ജനറൽപർപ്പസ് ഫണ്ട് വിഹിതത്തിന്റെ 12-ാംഗഡു തുക7,63600/-രൂപ ,ഗ്യാപ് ഫണ്ട് വിഹിതം 244664/-രൂപ എന്നിവയുടെ ട്രഷറിയിൽ സമർപ്പിച്ചിരുന്ന ബില്ലുകൾ പാസ്സാക്കാഞ്ഞതിനാൽ ഈയിനത്തിൽ ആകെ 10,08,264/-രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായി. ഓഡിറ്റ് തീയതിവരെ ടി തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് വന്നിട്ടില്ല. തനതുവരുമാനം കുറവായ ഗ്രാമപഞ്ചായത്തിന് മേൽപ്പറഞ്ഞപ്രകാരം തുക നഷ്ടമാകാനിടയായ സാഹചര്യം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ-1/19-20/20.07.2021 ) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുകകളുടെ ബില്ലുകൾ 30-3-20-ൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നതാണെന്നും എന്നാൽ ബില്ലുകൾക്ക് ക്ലിയറൻസ് ആവശ്യമാണെന്ന് പറഞ്ഞ് പാസാക്കിനൽകിയില്ല എന്നും

അറിയിക്കുകയുണ്ടായി. ബിൽതുക ലഭ്യമാകാത്തത് സംബന്ധിച്ച വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയും ജില്ലാട്രഷറി മുഖേന ട്രഷറി ഡയറക്ടറേയും രേഖാമൂലം അറിയിക്കുകയും ചെയ്തിരുന്നതായും ക്യൂവിൽ ഉൾപ്പെട്ട കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബില്ലുകൾ റീ അലോക്കേറ്റ് ചെയ്ത് ലഭിക്കുന്നതിന് ധനകാര്യവകുപ്പിൽ സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ സെല്ലിലേക്ക് സമർപ്പിക്കേണ്ടതാണെന്ന് പഞ്ചായത്ത് പ്രസിഡന്റിനുള്ള 31-12-2020-ലെ TRY/2432/2020-നമ്പർ കത്തിൽ ട്രഷറി ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഡിഡിപി മുഖേന സർക്കാരിന് സമർപ്പിച്ചിരുന്നതായും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിവരെ ടി ബിൽതുകകൾ സർക്കാരിൽനിന്നും പുനരനുവദിച്ച് ലഭിച്ചിട്ടില്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തുകയും വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തി നഷ്ടമായ തുക ഗ്രാമപഞ്ചായത്തിന് പുനരനുവദിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ തുടരുന്നതാണെന്നും പ്രസിഡന്റ് അറിയിച്ചു.

ഭരണപരമായ ദൈനംദിന ചെലവുകൾക്കുപോലും തനതുവരുമാനം തികയാത്ത സാഹചര്യത്തിൽ പത്തുലക്ഷത്തിലധികം വരുന്ന സർക്കാർഗ്രാന്റ് ലഭിക്കാതെ പോയത് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് ഭീമമായ നഷ്ടം തന്നെയാണ്. ആയതിനാൽ പഞ്ചായത്തിന്റെ ധനസ്ഥിതി ബോധ്യപ്പെടുത്തി പഞ്ചായത്തിന് അർഹമായിരുന്നതും ലഭിക്കാതെപോയതുമായ ഫണ്ട് പുനരനുവദിച്ചു ലഭിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ കാഷ്,ബാങ്ക് അക്കൗണ്ടുകളിന്മേലുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി മേൽസാഹചര്യങ്ങൾ ഉണ്ടാകുന്നത് ഭാവിയിൽ കർശനമായും ഒഴിവാക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി - ജീവനക്കാരുടെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല

പഞ്ചായത്ത് ലഭ്യമാക്കിയ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ എൻ എസ് എസ്,എച്ച് എസ് എസ് വെച്ചൂർ എന്ന സ്ഥാപനം ലഭ്യമാക്കിയ രേഖകൾ പ്രകാരം 3 ജീവനക്കാർ മാത്രമാണ് തൊഴിൽ നികുതി അടവാക്കുന്നതായി കാണുന്നത്.ഹയർ സെക്കൻഡറി വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ കൂടുതൽ ജീവനക്കാർ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്നത് പരിശോധിച്ച് വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/21.7.21) ലഭ്യമാക്കിയ മറുപടിയിൽ ജീവനക്കാരുടെ വിവരം സംബന്ധിച്ച് സ്ഥാപനത്തിന് കത്ത് നൽകുന്നതാണെന്ന് അറിയിച്ചു.മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാനുണ്ടെങ്കിൽ മേൽ തുക അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.കൂടാതെ പഞ്ചായത്തിന്റെ അധികാരപരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിലുള്ള മേലാദായം, തടികൾ , പി എച്ചിസി തോട്ടകം സബ്സെന്റർ പഴയകെട്ടിടം മുതലായവയുടെ ലേലം സംബന്ധിച്ച്.

പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിലുള്ള വൃക്ഷങ്ങളിൽ നിന്നുള്ള ആദായം, തടികൾ , തോട്ടകം പി എച്ച് സി സബ്സെന്ററിന്റെ പഴയകെട്ടിടം പൊളിച്ച് ലേലം ചെയ്യുന്നതിനും പഞ്ചായത്ത് ഭരണസമിതി വിവിധ തീയതികളിൽ ചേർന്ന കമ്മറ്റിയിൽ തീരുമാനം എടുത്തിട്ടുണ്ട്. കമ്മറ്റി തീരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | കമ്മറ്റി തീരുമാനം | ലേലവിവരം. |
|---|---|---|
| 1 | 27.06.2019<br>I (1(5) | തോട്ടകം പി എച്ച് സി സബ്സെന്റർ പഴയകെട്ടിടം പൊളിച്ച് ലേലം ചെയ്യുന്നത് സംബന്ധിച്ച്. |
| 2 | 29.07.2019<br>12(1) | പി എച്ച് സി കെട്ടിട പരിസരത്ത് നിന്നുള്ള ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം . |
| 3 | 29.07.2019<br>12-1 (3(1) | എം സി ഫ് സെന്റർ പരിസരത്തുള്ള ആഞ്ഞിലി മരം ലേലം ചെയ്യുന്നത് സംബന്ധിച്ച് |
| 4 | 16.02.21<br>8 | പി എച്ച് സി കെട്ടിട പരിസരത്തുള്ള മാവ് ,പ്ലാവ്, മഹാഗണി എന്നിവയുടെ മൂല്യനിർണ്ണയം എടുക്കുന്നത് സംബന്ധിച്ച്. |

മേൽ പരാമർശിച്ച തീരുമാന പ്രകാരം ലേല നടിക്രമങ്ങൾ പൂർത്തികരിച്ചിട്ടുള്ളപക്ഷം വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം15/29.07.21 ) മറുപടിലഭിച്ചില്ല. പരാമർശിച്ച തീരുമാന പ്രകാരം പഴയകെട്ടിടം പൊളിച്ചിട്ടുണ്ട് എങ്കിൽ ആയതിന്റെയും വൃക്ഷങ്ങളുടെ മൂല്യനിർണ്ണയം സോഷ്യൽ ഫോറസ്റ്ററി വകുപ്പിൽ നിന്ന് ലഭ്യമാക്കി തടികൾലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-14 വിട്ടുനൽകിയ ഭൂമി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയില്ല

അങ്കനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും ഇതര ഉദ്ദേശ്യങ്ങൾക്കുമായി സ്വകാര്യവ്യക്തികൾ സംഘടനകൾ ഗ്രാമപഞ്ചായത്തിന് സ്ഥലം വിട്ടുനൽകി രേഖാമൂലം സമ്മതം അറിയിച്ചിരുന്നതായും ആയത് പഞ്ചായത്തിന്റെ പേരിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് കമമിറ്റി തീരുമാനമെടുത്തിരുന്നതായും മിനിററ്സ് പരിശോധനയിൽ ബോധ്യപ്പെട്ടു . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥലം വിട്ടുനൽകിയതിന്റെ ഉദ്ദേശ്യം | സ്ഥലം വിട്ടുനൽകിയവ്യക്തി/ സംഘടന | സ്ഥലം സംബന്ധിച്ച് | തുടർനടപടിക്കുള്ള കമ്മിറ്റി തീരുമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ലഭ്യമായ വിവരം | |
| 1 | 51-ാം നമ്പർ അങ്കനവാടിക്കുവേണ്ടി | സാം വി ജേക്കബ് | 3 സെന്റ് വാർഡ്- 6 | 26-11-18 ലെ അജണ്ട -7 |
| 2 | പള്ളിയാട് പി.എച്ച് സബ്സെന്ററിന് പുതിയ കെട്ടിടം പണിയുന്നതിന് | എസ്.എൻ.ഡി.പി ശാഖാ നം.1344 | 5സെന്റ് | 14-11-19-ലെ അജണ്ട- 11 തീരുമാനം-9 |
| 3 | 117-ാം നമ്പർ അങ്കനവാടിക്കുവേണ്ടി | ലഭ്യമല്ല | ലഭ്യമല്ല | 22-10-19 അജണ്ട-19 തീരുമനാം -1 |
| 4 | 135-ാംനമ്പർ അങ്കനവാടിക്ക് കെട്ടിടംനിർമ്മിക്കുന്നതിന് | കൃഷ്ണൻ ,വള്ളോത്തറ കണ്ടംതുരുത്ത് | 3സെന്റ് വാർഡ്- 8 സർവ്വേ നം- 104/11 | 13-1-21 അജണ്ട-I തീരുമാനം-1(18) |

മേൽപട്ടികപ്രകാരം വിട്ടുനൽകിയിട്ടുള്ള സ്ഥലങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പേരിൽകുട്ടി ആസ്തിയിലാക്കിയിട്ടുള്ള പക്ഷം ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ രേഖാമൂലം ആവശ്യപ്പെട്ടതിന് (എൻക്വയറി നം-2/20.07.2021 )ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ 1, പ്രകാരമുള്ള സ്ഥലം വിട്ടുനൽകിയിട്ടില്ല എന്നും ക്രമനമ്പർ 2പ്രകാരമുള്ളത് നിലമായതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്നും വിശദീകരികരണം നൽകിയിട്ടുണ്ട്.എന്നാൽ ആയത് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല . ക്രമനമ്പര് 3,4പ്രകാരമുള്ള സ്ഥലങ്ങൾ പോക്കുവരവ് നടത്തി പഞ്ചായത്തിന്റെ പേരിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പല അങ്കനവാടികളും സ്വന്തമായി കെട്ടിടമില്ലാതെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുകയും തനതുവരുമാനം പരിമിതമായ പഞ്ചായത്തിന് ഭൂമി വാങ്ങി കെട്ടിടം പണിയുന്നതിനുള്ള ബുദ്ധിമുട്ട് നേരിടുന്നതുമായ സാഹചര്യത്തിൽ അങ്കനവാടികൾക്കായി സൗജന്യമായി വിട്ടു തരുന്ന ഭൂമി പഞ്ചായത്തിന്റെ പേരിലാക്കി കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ സ്വകാര്യവ്യക്തികൾ വിട്ടുതന്ന ഭൂമി റവന്യൂരേഖകൾപ്രകാരം പഞ്ചായത്തിന്റെ പേരിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ബി) ആസ്തിയിലുള്ള അങ്കനവാടി കെട്ടിടം റവന്യൂരേഖകൾപ്രകാരം സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിൽ</u>

49-ാം നമ്പർ അങ്കനവാടി പ്രവർത്തിക്കുന്ന കെട്ടിടം ആസ്തിരജിസ്റ്ററിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെങ്കിലും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം നിലവിൽ വില്ലേജ് റെക്കോഡ്പ്രകാരം റോജൻ പി ജോൺ, പാകേരിൽഎന്നയാളുടെ ഉടമസ്ഥതയിലും കരം തീരുവയിലും ഉള്ളതായതിനാൽ ടി സ്ഥലം പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത്കമ്മിറ്റി തീരുമാനമെടുത്തിരുന്നു (19-8-19- ലെ അജണ്ട-6,തീരുമാനം- 3) . കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങളും

രേഖാമൂലം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.2/20.07.2021) നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയില്ല.
ആവശ്യമായ തുടർനടപടി സ്വീകരിച്ച് കെട്ടിടം റവന്യൂരേഖകൾപ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കേണ്ടതും ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-15 പൂർണ്ണമായ ഗുണഭോക്തൃ പട്ടിക പ്രോജക്ട് നിർവ്വഹണത്തിനായി ലഭ്യമാക്കിയില്ല.

2019 20 സാമ്പത്തിക വർഷം പാൽ ഉൽപാദനത്തിന് ഇൻസെന്റീവ് എന്ന പ്രോജക്ടിനായി 300000/- രൂപ വകയിരുത്തിയിരുന്നു.(വികസന ഫണ്ട് ജനറൽ).എന്നാൽ മേൽ സാമ്പത്തിക വർഷത്തിൽ 38939 രൂപ മാത്രമാണ് ചെലവഴിച്ചതായി കാണുന്നത്.പ്രോജക്ട് ഫയലിൽ നടത്തിയ പരിശോധനയിൽ 10/01/2020 ൽ മേൽ പ്രോജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥനായ ഡയറി ഫാം ഇൻസ്റ്റക്ടർ സെക്രട്ടറി , തലയാഴം ഗ്രാമപഞ്ചായത്തിന് നൽകിയ കത്തിൽ (കത്ത് നമ്പർ 2/2020) പഞ്ചായത്തിലെ തോട്ടകം, ഉല്ലല,തലയാഴം എന്നീ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന മുഴുവൻ ക്ഷീരകർഷകരുടെയും പേരുകൾ ഗുണഭോക്തൃ ഗ്രാമസഭ പട്ടികയിൽ ഇല്ലാത്തതിനാൽ വകയിരുത്തിയ തുക വിനയോഗിക്കാൻ സാധിച്ചിട്ടില്ലെന്ന് അറിയിച്ചിരുന്നു.മേൽ പ്രോജക്ട് 2020-21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ആയാണ് പൂർത്തിയാക്കിയത്.കൂടാതെ പാൽ ഉൽപാദനത്തിന് ഇൻസെന്റീവ് പ്രോജക്ട് 2020-21 വർഷത്തിൽ ജനറൽ വിഭാഗത്തിൽ നടപ്പാക്കിയിട്ടുമില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/ 21.07.21) ലഭ്യമാക്കിയ മറുപടിയിൽ 2020 മാർച്ച് മാസത്തിൽ ബിൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും ക്യൂ ബിൽ ആയതിനാൽ തൊട്ടടുത്ത വർഷമാണ് ചെലവഴിക്കാൻ സാധിച്ചതെന്ന് അറിയിച്ചു. പൂർണ്ണമായ ഗുണഭോക്തൃ പട്ടിക ലഭ്യമാക്കിയില്ലെന്ന നിർവ്വഹണോദ്യോഗസ്ഥന്റെ അറിയിപ്പിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 ഫാർമസി സ്റ്റോർ ശീതീകരണം (പി എച്ച് സി) - രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | ഫാർമസി സ്റ്റോർ ശീതീകരണം (പി എച്ച് സി) 163/19-20 |
| അടങ്കൽ | 75000 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 72667 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) |

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ട് പ്രകാരം തലയാഴം പി എച്ച് സിയുടെ ഫാർമസി സ്റ്റോറിൽ എയർ കണ്ടീഷനർ സ്ഥാപിക്കുന്നതിനായി 72667 രൂപ ചെലവഴിച്ചതായി കാണുന്നു. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട പർച്ചേസ് ബില്ലുകൾ,എം ബുക്ക്, വാറന്റി വിവരങ്ങൾ, മറ്റ് അനുബന്ധ വിവരങ്ങൾ എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക്ഹാജരാക്കിയിട്ടില്ല.ഭൗതിക പരിശോധനയിൽ എയർ കണ്ടീഷണർ നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും മറ്റ് രേഖകൾ പി എച്ച് സിയിൽ സൂക്ഷിച്ചിട്ടില്ല.പി എച്ച് സിയുടെ സ്റ്റോക്ക് രജിസ്റ്ററിൽ എയർ കണ്ടീഷനർ സംബന്ധിക്കുന്ന മറ്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/21.07.2021 ന് മറുപടി

ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 72667 രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 സമഗ്രനെൽകൃഷിവികസനം- തുക ചെലവഴിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥൻ- കൃഷി ഓഫീസർ

| | |
|---|---|
| പ്രോജക്ട് | 90/20സമഗ്രനെൽകൃഷിവികസനം |
| അടങ്കൽ | വികസനഫണ്ട്-1600000<br>ബ്ലോക്ക് വിഹിതം-582160<br>ആകെ-2790160 |

കൃഷിക്കാർക്ക് സൗജന്യമായി നെൽവിത്ത് വിതരണം ചെയ്യാൻ തയ്യാറാക്കിയതാണ് ടി പ്രോജക്ട് . സീഡ് ഡെവലപ് മെന്റ് അതോറിറ്റിയിൽ നിന്ന് ചുവടെ ചേർക്കുന്ന ഇൻവോയ്സ് പ്രകാരം നെൽവിത്ത് വാങ്ങിയിട്ടുണ്ട്

| ഇൻവോയ്സ് നം ,തീയതി | തുക |
|---|---|
| 253/19-20/17.05.19 | 420840 |
| 278/19-20/22.05.19 | 420840 |
| 279/19-20/22.05.19 | 390600 |
| 286/19-20/23.05.19 | 380520 |

സീഡ് അതോറിറ്റി ബില്ലുകൾ ലഭ്യമാക്കിയെങ്കിലും തുക മാറി നൽകാഞ്ഞതിനാൽ ടി പ്രോജക്ടിനായി വകയിരുത്തിയ തുകകൾ നഷ്ടമായി. വിശദീകരണം ആവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം. 7/25.07.2021) സാമ്പത്തികവർഷാവസാനം ട്രഷറി ബാനായതിനാലാണ് തുക മാറാൻ സാധിക്കാഞ്ഞതെന്ന് അറിയിക്കുകയുണ്ടായി. എന്നാൽ സമയബന്ധിതമായി ബില്ലുകൾ തയ്യാറാക്കി സമർപ്പിക്കാഞ്ത്തിനാലാണ് തുക നഷ്ടമായത് എന്ന് രേഖകളിൽ നിന്ന് വ്യക്തമാകുന്നു. ടി ബില്ലുകൾ 2020-21 വർഷം സ്പിൽ ഓവറായി വികസനഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കി ചെലവഴിച്ചിട്ടുണ്ട് .ഇത് ശരിയായ നടപടിയില്ല. യഥാസമയം തുക ചെലവഴിക്കാനും പഞ്ചായത്തിന്റെ പദ്ധതി വിഹിതം നഷ്ടപ്പെടുത്താതിരിക്കാനും നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 വൃദ്ധസദനത്തിന് കെട്ടിടനിർമ്മാണം- പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വൃദ്ധസദനത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച ബഹുവർഷ പ്രോജക്ടിന്റെ ഭാഗമായി ഓഡിറ്റ് വർഷം വികസനഫണ്ടിൽനിന്നും 6,07,567/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദമായ പരിശോധനയിൽ പ്രസ്തുത ഉദ്ദേശ്യത്തിനായി 2017-18,

2018-19 വർഷങ്ങളിൽ നാളിതുവരെ ചുവടെ ചേർക്കുപ്രകാരം പ്രോജക്ടുകൾ ആവിഷ്കരിച്ച് തുക ചെലവഴിച്ചിരുന്നതായി ബോധ്യപ്പെട്ടു.

| വർഷം | പ്രോജക്ട്നമ്പർ | വകയിരുത്തിയ ഫണ്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | വൗച്ചർ/ ബിൽനമ്പർ |
|---|---|---|---|---|---|
| 2017-18 | 140/17-18 | വികസനഫണ്ട് | 376850 | 230078 | 51/ 28-3-18 |
| | | തനതുഫണ്ട് | 363870 | - | |
| 2018-19 | 134/18-19 (പുതിയത്) | വികസനഫണ്ട് | 607567 | - | |
| | | തനതുഫണ്ട് | 363870 | - | |
| 2019-20 | 153/19-20 (സ്പിൽ ഓവർ) | വികസനഫണ്ട് | 607567 | 607567 | 33/5-4-19 |
| | | തനതുഫണ്ട് | 363870 | - | |
| ആകെ | | വികസനഫണ്ട് | 984417 | 837645 | |
| | | തനതുഫണ്ട് | 363870 | | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ടിന്സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റളവിനേക്കാൾ അധിക അളവിലാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. ആയതിന്റെ കാരണം ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

2)അംഗീകരിച്ച എസ്റ്റിമേറ്റളവുകളിൽനിന്നും വ്യതിയാനം വന്ന സാഹചര്യത്തിൽ റിവൈസ്ഡ് എസ്ററിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി പുതുക്കി ലഭിച്ചതായി കാണുന്നില്ല.

3)അധികപ്രവൃത്തി ഇനങ്ങൾ നടപ്പാക്കിയതനുസരിച്ച് നിയമാനുസരണം സപ്ലിമെന്ററി കരാർ ചമച്ചിട്ടില്ല.

4)ഫൈനൽപേമെന്റ് സംബന്ധിച്ച വിവരങ്ങൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തുകയോ, റണ്ണിംഗ് അക്കൗണ്ട്ബിൽ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

5)പ്രോജക്ടിന്റെ ഭാഗമായി കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പൂർത്തീകരിച്ചതല്ലാതെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഇലക്ട്രിഫിക്കേഷൻ നടപ്പാക്കിയിട്ടില്ല. കൂടാതെ പ്ലംബിഗ് വേലകൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടില്ല.

കൂടാതെ 28-7-21-ൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രോജക്ട് പ്രകാരം വൃദ്ധസദനത്തിനായി പണികഴിപ്പിച്ച കെട്ടിടത്തിൽ ഹരിതകർമ്മസേന വീടുകളിൽനിന്നും ശേഖരിച്ച് തരംതിരിച്ചിട്ടുള്ള പ്ലാസ്റ്റിക് വേസ്റ്റുകൾ സൂക്ഷിച്ചിരിക്കുന്നതായിട്ടാണ് കണ്ടത്. അപാകതകൾ സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് വിവരം ടി കാലയളവിൽ നിർവ്വഹണോദ്യോഗസ്ഥയായിരുന്ന അസിസ്റ്റന്റ് എൻജിനീയറെ അറിയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി. എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് പുതിയ എം.സി.എഫ് കെട്ടിടം പണികഴിപ്പിക്കുന്ന മുറയ്ക്ക് വൃദ്ധസദനത്തിൽ സൂക്ഷിച്ചിട്ടുള്ള പ്ലാസ്റ്റിക്കുകൾ അവിടെനിന്നും മാറ്റുന്നതാണെന്നും കെട്ടിടം

നിശ്ചിത ലക്ഷ്യത്തിനായി ഉപയോഗപ്പെടുത്തുന്നതാണെന്നും പ്രസിഡന്റ് അറിയിച്ചു. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തീകരിച്ചും ആവശ്യമായ മറ്റ് അടിസ്ഥാനസൗകര്യങ്ങളൊരുക്കിയും വൃദ്ധസദനം എന്ന പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകേണ്ടതാണ്. വൃദ്ധജനങ്ങൾക്കുവേണ്ടിയുള്ള പ്രോജക്ടുകൾ ആസൂത്രണം ചെയ്യുമ്പോൾ ആ വിഭാഗം ജനങ്ങളുടെ ആവശ്യകതയ്ക്ക് പ്രഥമപരിഗണന നൽകേണ്ടതും പ്രോജക്ടിന്റെ അനിവാര്യത കണക്കിലെടുക്കേണ്ടതുമാണ്. ആവശ്യമായ തുടർനടപടികൾക്കായി മേൽവിവരങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 ടാർബാരലുകളുടെ വില നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-10-17-ലെ 59827/എഫ്.എം /07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ തൻവർഷം ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിങ്ങനെ വിവിധ സർക്കാർ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ റോഡുപ്രവൃത്തികളിൽ ടാർവീപ്പകളുടെ വിലയിനത്തിൽ കരാറുകാരിൽനിന്നും ഈടാക്കിയ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർക്രെഡിറ്റ് ചെയ്തതായി കാണുന്നു. വാർഷികകണക്കു ബി -4 ഷെഡ്യൂൾ പ്രകാരം 2019-20, 20-21വർഷങ്ങളിൽ ഈയിനത്തിൽ ആകെ 94,998/-രൂപ തനതുഫണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2019-20 | 34864 |
| 20-21 | 60134 |
| ആകെ | 94998 |

മേൽ അപാകത സംബന്ധിച്ച് രേഖാമൂലം (എൻക്വയറി നം.9/25.07.2021) വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയതിൽ മരാമത്തുബില്ലുകളിൽനിന്നും ബാരൽവിലയിനത്തിൽ കിഴിവുചെയ്യുന്ന തുക ധനകാര്യവകുപ്പിന്റെ 12-4-06-ലെ സാംഖ്യ സോഫ്റ്റ് വെയറിൽ ബിൽപ്രോസ്സസ് ചെയ്യുമ്പോൾ ടാർവീപ്പകളുടെ വില (ജി.എസ്.റ്റി ഉൾപ്പെടെ) കിഴിവുചെയ്യുന്നത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ആകുന്നതെന്ന് വിശദീകരിക്കുകയുണ്ടായി.

ഇപ്രകാരം ക്രഡിറ്റ് ചെയ്യപ്പെടുന്ന തുക നിശ്ചിത ശീർഷകത്തിൽ ബിൽ ജി.ഓ.(പി)177/06/ നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 1-20 ആസ്തി പരിപാലനം

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ

അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല.
പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിൻറനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

കൂടാതെ കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗവിശദാംശങ്ങൾ ലഭ്യമായിട്ടില്ല- 680874/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2019-20 വർഷ്കപദ്ധതിയിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന നിക്ഷേപപ്രവൃത്തികളുടെ പൂർത്തീകരണവിവരങ്ങളും ചെലവുതുകയുടെ വിനിയോഗവിശദാംശങ്ങളും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയിൽനിന്നും നാളിതുവരെ ലഭ്യമായിട്ടില്ല .

| പ്രോജക്ട് | നിർവ്വഹണ സ്ഥാപനം | കൈമാറിയ തുക | ബിൽ / വൗ.നം | റിമാർക്സ് |
|---|---|---|---|---|
| 237/19-20 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, ജി.എസ്.റ്റി തുക അടവാക്കുന്നത് | വാട്ടർ അതോറിറ്റി ,പി.എച്ച് , ഡിവിഷൻ, കടുത്തുരുത്തി | 18708/- ധനകാര്യക്കമ്മീഷൻ അവാർഡ്) | 248/26-3-20 | വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റനുസരിച്ച് 2018-19 ൽ അടവാക്കിയിരുന്ന തുകയുടെ ( 441562/-രൂപ)ജി.എസ്.റ്റി ഇനത്തിൽ ഡിമാന്റ് ചെയ്ത തുക അടവാക്കിയത് |
| 208/20 വാക്കേത്തറ കമ്മ്യൂണിറ്റിഹാൾ വൈദ്യുതീകരണം- | കെ.എസ്.ഇ.ബി | 20874/- | 217/27-2-20 | |

| | | | | |
|---|---|---|---|---|
| കണക്ഷൻതുക അടവാക്കൽ | | | | |
| 103/20 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | ,, | 200000/- | 33/10-2-2020 | |
| 124/19-20 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | ,, | 391042 | 11/5-4-19 | |
| | | 50250 | 12/5-4-19 | |
| ആകെ | | 680874/- | | |

ചെലവുതുകകകളുടെ വിനിയോഗവിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണവിവരങ്ങളും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 6,80874/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ചെലവുവിശദാംശങ്ങളും പൂർത്തീകരണസാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 ഇ-ടെൻഡർ ടെൻഡർ ഫോറവില പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല

ഗ്രാമഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ്ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്.

2019-20 വർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതും

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് നിരക്ക് (ജി.എസ്.ടി ഉൾപ്പെടെ) | ആകെ ഫീസ് |
|---|---|---|---|---|
| 1 | 114/20 | 2 | 1120 | 2240 |
| 2 | 119/20 | 2 | 1120 | 2240 |
| 3 | 37/20 | 2 | 1120 | 2240 |
| 4 | 36/20 | 4 | 2240 | 8960 |
| 5 | 39/20 | 2 | 2240 | 4480 |
| 6 | 191/120 | 4 | 1456 | 5824 |
| ആകെ | | | | 25984 |

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ഇതനുസരിച്ച് എസ്.ബി.ഐ. ഉല്ലല ശാഖയിൽ അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (A/C3806538278 ). അക്കൗണ്ടുകൾ തമ്മിൽ മാപ്പിംഗ് നടത്തിയിട്ടുള്ളതിനാൽ 18-6-2020 മുതൽ ടെൻഡർ ഫീസ് ഇനത്തിലുള്ള തുക ടി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആകുന്നുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 19-20 വർഷം ഇ-ടെൻഡർഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുക ടി അക്കൗണ്ടിൽനിന്നും തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി. ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കേണ്ടതുമാണ്.

## 1-23 പെൻസിൽ പ്രോഗ്രാം -തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക നാളിതുവരെ കിലയിൽനിന്നും തിരികെ ലഭിച്ചില്ല.

തലയാഴം ഉല്ലല ഗവൺമെന്റ് എൽ പി സ്കൂളിൽ വച്ച് 17.05.2019ന് ബഹു പഞ്ചായത്ത് ഡയറക്ടറുടെ (09.05.2019ലെ PAN /20018/2018-J 5(Dp) നമ്പർകത്ത് പ്രകാരം കുടുമ്പശ്രീയുടെ നേതൃത്വത്തിൽ കുട്ടികളുടെ അവധികാല പഠനക്യാമ്പ് ആയ "പെൻസിൽ" എന്ന പ്രോഗ്രാം നടത്തി. പ്രോഗ്രാമിൽ പങ്കെടുത്ത കുട്ടികൾക്ക് ഭക്ഷണത്തിനും മെറ്റിരിയലിനും കൂടി ആകെ 8688/-രൂപ ചെലവഴിച്ചിട്ടുണ്ട്. 27.06.2019 ലെ 18ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം പ്രോഗ്രാമിന് ചെലവഴിച്ചതുക തനത് ഫണ്ടിൽ നിന്നും കുടുമ്പശ്രീ ചെയർപേഴ്സൺന് ചെക്ക് മുഖേന 8688/- (ചെക്ക് നം-043380/30.07.219) നൽകിയിട്ടുണ്ട്. ആയതിന്റെ വൗച്ചറുകൾ അതാത് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ മുഖാന്തിരം കിലയ്ക്ക് സമർപ്പിക്കുന്ന മുറക്ക് ടി തുക തിരികെ ലഭിക്കുന്നതാണെന്ന് മേൽ കത്തിൽ പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരുന്നു. ടി വിവരം എക്സിറ്റ് മീറ്റിംഗിൽ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ തുക ലഭ്യമായിട്ടില്ല എന്ന് ജൂനിയർ സൂപ്രണ്ട് അറിയിച്ചു. ചെലവ് രേഖകൾ ഉചിതമാർഗേന കിലയിൽ സമർപ്പിച്ച് തുക ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്നമുറക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് ബാക്കി | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | പാലിയേറ്റീവ് കെയർ 2018-19 | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | വിവിധ മെറിറ്റോറിയസ് കോഴ്സ് മത്സ്യ തൊഴിലാളി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 49823 | അങ്കണവാടികൾക്ക് പോഷകാഹാരം | 49823 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 225000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | 225000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 520000 | ലൈഫ് ഭവന പദ്ധതി ജനറൽ | 520000 | 0 |
| ആകെ | | 994823 | | 994823 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 165300 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | 165300 | 0 |
| | | 165300 | | 165300 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|

| | | തുക | | തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ജി എസ് ടി അടവാക്കുന്നത് | 18708 | - | വിനിയോഗ വിവരം ലഭ്യമല്ല |
| കെ.എസ്.ഇ.ബി | വടക്കേത്തറ കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം കണക്ഷൻ തുക | 20874 | - | ” |
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 200000 | - | ” |
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 391042 | | |
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 50250 | | |
| | | 680874 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത തുക | തൻവർഷം തിരിച്ചടച്ച തുക മുതൽ | തൻവർഷം തിരിച്ചടച്ച തുക പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | സ ഉ (സാധാ) 359/17 തസ്വഭവ 08.02.2017 | 18375316 | 15855316 | 2520000 | 1382354 | 0 | 16992962 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം തീയതി |
|---|---|---|---|---|
| 2017-18 | 2-8 (9) | 100 | ജിജി ജോയി ചെമ്പുളുക്കിൽ തലയാഴം | 119020101033 /16.08.2021 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികകൾ ഉൾപ്പെട്ടിട്ടില്ല.

## 4-8 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52721793 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49694721 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 753541 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 72667 | ഡോ.ജ്യോത്സന ബഷീർ<br>മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| 1-21 | 680874 | കെ സുരേഷ് കുമാർ<br>സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30.09.2018 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(1)/2018/08.01.2018 | 3 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ1..18)/32(2)/2018/ 08.02018 | 5 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(3)/2018/ 08.01.2018 | 4 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(4)/2018/ 08.01.2018 | 13 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(5)/2018/ 08.01.2018 | 4 |
| 2009-2010 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(6)/2018/08.01.201 | 8 |
| 2010-2011 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)32(7)/2018/08.01.2018 | 5 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)32(8)/2018/08.01.2018 | 9 |
| 2012-13 | എൽ.എഫ്.കെ.പി6/1626/15/12.5.16 | 9 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി6/587/15/18.08.16 | 6 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/723/16/23.02.17 | 13 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/706/18/27.04.18 | 24 |
| | | |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി6/1268/17/29.12.17 | 17 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി6/148/19/03.05.19 | 10 |
| 2018-19 | കെ.എസ്.എ-<br>കെ.ടി.എം.പി6/1960/19/15.02.2020 | 34 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്